LAW

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ അഡ്വക്കേറ്റ് പി. നാരായണൻ ഇപ്പോൾ വഹിക്കുന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി ടിയാന്റെ നിയമന കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിച്ച് ഉത്തരവാകുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.7/2024/LAW  തീയതി,തിരുവനന്തപുരം, 27-01-2024

---

പരാമർശം:-

1. 25-01-1978 തീയതിയിലെ സ.ഉ.(അച്ചടി) നം.11/1978/നിയമം നമ്പർ ഉത്തരവ്.
2. 22.06.2016 തീയതിയിലെ സ.ഉ.(കൈ) 104/2016/നിയമം നമ്പർ ഉത്തരവ്.
3. 22-06-2019 തീയതിയിലെ സ.ഉ.(കൈ)55/19/നിയമം നമ്പർ ഉത്തരവ്.
4. 10.06.2021 തീയതിയിലെ സ.ഉ.(കൈ)43/2021/നിയമം നമ്പർ ഉത്തരവ്.
5. 29.07.2021 തീയതിയിലെ സ.ഉ.(കൈ) 59/2021/നിയമം നമ്പർ ഉത്തരവ്.
6. അഡ്വക്കേറ്റ് ജനറലിന്റെ 01.12.2021, 14.06.2023 തീയതികളിലെ SS-GK2/2021 /AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2), (3) എന്നിവ പ്രകാരം 22.06.2016 മുതൽ 31.07.2021 വരെ ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായിരുന്ന ശ്രീ. പി. നാരായണനെ പരാമർശം (4) പ്രകാരം അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറിനോടൊപ്പം പ്രവർത്തിക്കുന്നതിന് നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് പരാമർശം (5) പ്രകാരം ശ്രീ. പി. നാരായണനെ 01.08.2021 തീയതി പ്രാബല്യത്തിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി 3 വർഷകാലയളവിലേക്ക് പുനർ നിയമിച്ചിട്ടുള്ളതുമാണ്.

സീനിയർ ഗവ. പ്ലീഡറുടെ ഡ്യൂട്ടിയുടെ സ്വഭാവവും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ അധിക ഡ്യൂട്ടി ചെയ്യുന്നതും പരിഗണിച്ച് ശ്രീ. പി നാരായണന്റെ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തിക ആക്കുന്നത് ഉചിതമാകയാൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറിന്റെ ഒപ്പം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയായി അപ് ഗ്രേഡ് ചെയ്ത് ടിയാനെ തുടരാൻ അനുവദിക്കണമെന്ന അഡ്വക്കേറ്റ് ജനറൽ പരാമർശം (6) പ്രകാരം ആവശ്യപെട്ടിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. അഡ്വക്കേറ്റ് ജനറലിന്റെ

അഭിപ്രായത്തിന് അനുസൃതമായി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് അഡ്വക്കേറ്റ് പി. നാരായണൻ ഇപ്പോൾ വഹിക്കുന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി പരാമർശം (5) പ്രകാരമുള്ള ടിയാന്റെ നിയമന കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

1. ശ്രീ. പി. നാരായണൻ, സീനിയർ ഗവ. പ്ലീഡർ, ബഹു. കേരള ഹൈക്കോടതി (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
4. രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം
5. സെക്രട്ടറി, കേരള നിയമസഭ.
6. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
7. ബഹു.നിയമം, കയർ, വ്യവസായം, വകുപ്പ് മന്ത്രിയുടെ പി.എസ്.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
9. നിയമ സെക്രട്ടറിയുടെ പി.എ.
10. പൊതുഭരണ (എസ് സി) വകുപ്പ് (ബഹു. മന്ത്രിസഭാ തീരുമാനം 10.01.2024 തീയതിയിലെ item No.1984)
11. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം
12. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
13. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ
14. നിയമ (നോഡൽ) വകുപ്പ്.
15. നിയമ (മോണിറ്ററിങ്) വകുപ്പ്.
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth N B
സെക്ഷൻ ഓഫീസർ
Date: 27-01-2024 12:06:08

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-01-2024

ഫയൽ നം. 91/ഇൻസ്‌പെ.1/2023/നിയമം. ഇനം നം: 1984

വിഷയം : നിയമ വകുപ്പ് - ശ്രീ. പി. നാരായണനെ സീനിയർ ഗവ. പ്ലീഡർ സ്ഥാനത്ത് നിന്നും സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി ടിയാന്റെ ശേഷമുള്ള കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

11/01/24

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

1984

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.91/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ശ്രീ. പി. നാരായണനെ സീനിയർ ഗവ. പ്ലീഡർ സ്ഥാനത്ത് നിന്നും സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി ടിയാന്റെ ശേഷമുള്ള കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/01/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട്<br>ഉണ്ട് |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ആർ. സുരേഷ് ബാബു |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/01/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/01/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09/01/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/01/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡറും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുമായ ശ്രീ.പി.നാരായണനെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി ടിയാന്റെ ശേഷമുള്ള കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഫയലിലെ വിഷയം.

2. 22.06.2016 തീയതിയിലെ ജി.ഒ.(എം.എസ്.) 104/2016/നിയമം & 22-06-2019 തീയതിയിലെ ജി.ഒ.(എം.എസ്.)55/19/നിയമം നമ്പർ ഉത്തരവുകൾ പ്രകാരം 22.06.2016 മുതൽ 31.07.2021 വരെ ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായിരുന്ന ശ്രീ. പി. നാരായണനെ 10.06.2021 തീയതിയിലെ ജി.ഒ.(എം.എസ്.)43/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം അധിക സാമ്പത്തിക ബാദ്ധ്യത കൂടാതെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ & സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കൂടെ പ്രവർത്തിക്കുന്നതിന് നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് 29.07.2021 തീയതിയിലെ ജി.ഒ.(എം.എസ്.) 59/2021/നിയമം നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പി. നാരായണനെ 01.08.2021 തീയതി പ്രാബല്യത്തിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി 3 വർഷകാലയളവിലേക്ക് പുനർ നിയമിച്ചിട്ടുള്ളതുമാണ്.

3. നിലവിൽ അഡ്വക്കേറ്റ് ജനറലിനു വേണ്ടി രണ്ട് സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെ തസ്തികകളും അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർക്കു വേണ്ടി ഓരോ സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെ തസ്തികകളുമാണുള്ളതെന്നും എന്നാൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെ അസിസ്റ്റ് ചെയ്യുന്നതിനുവേണ്ടി സ്പെഷ്യൽ ഗവ. പ്ലീഡർ തസ്തിക ഇല്ലെന്നും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെ അസിസ്റ്റ് ചെയ്യുന്ന സീനിയർ ഗവ. പ്ലീഡറുടെ തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്പെഷ്യൽ ഗവ. പ്ലീഡർ എന്നാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ 01.12.2021 തീയതിയിലെ SS-GK2/2021/AG നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറൽ

സമർപ്പിച്ചിരുന്നതും 23.04.2022 തീയതിയിലെ 20799/ഇൻസ്പെ.1/ 2021/നിയമം നമ്പർ കത്ത് പ്രകാരം പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കാനാകില്ലെന്ന് അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തെ അറിയിച്ചിട്ടുള്ളതുമാണ്.

4. തുടർന്ന് SS-GK2/2021/AG dated 14-06-2023 തീയതിയിലെ കത്ത് പ്രകാരം ശ്രീ. പി. നാരായണൻ കഴിഞ്ഞ രണ്ട് വർഷമായി ജോലി വളരെ സമർത്ഥമായും പ്രശംസനീയമായ രീതിയിലും നിർവഹിക്കുന്നുണ്ടെന്നും സീനിയർ ഗവ. പ്ലീഡറിന്റെ ഡ്യൂട്ടിക്ക് പുറമെ യാതൊരുവിധ അധിക സാമ്പത്തിക ലാഭവുമില്ലാതെ ഹൈക്കോടതിയിലെ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഡ്യൂട്ടി കൂടി നിർവഹിക്കുന്നുണ്ടെന്നും സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ & അഡീഷണൽ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിൽ നിന്നുള്ള എല്ലാ ക്രിമിനൽ കേസുകളുടെ ഫയലിംഗും ടിയാനാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അറിയിച്ചിട്ടുള്ളതാണ്.

5. കൂടാതെ ശ്രീ. പി. നാരായണൻ കൈകാര്യം ചെയ്യുന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തിക ആക്കി അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ 05.06.2023 തീയതിയിലെ 110/2023/DG&SPP നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തെ അറിയിച്ചിട്ടുള്ളതാണെന്നും ആയതിനാൽ സീനിയർ ഗവ. പ്ലീഡറുടെ ഡ്യൂട്ടിയുടെ സ്വഭാവവും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ അധിക ഡ്യൂട്ടി ചെയ്യുന്നതും പരിഗണിച്ച് ശ്രീ. പി നാരായണന്റെ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക അപ്ഗ്രേഡ് ചെയ്ത് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തിക ആക്കുന്നത് ഉചിതമാകയാൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറിന്റെ ഒപ്പം സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ തസ്തികയായി അപ് ഗ്രേഡ് ചെയ്ത് ടിയാനെ തുടരാൻ അനുവദിക്കണമെന്നാണ് അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ടിരിക്കുന്നു.

6. 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടം പ്രകാരം സീനിയർ ഗവ.പ്ലീഡർമാരുടെ നിയമന കാലാവധി 60 വയസ് പൂർത്തിയാകുന്ന മുറയ്ക്കോ മൂന്ന് വർഷ കാലാവധി കഴിയുന്ന മുറയ്ക്കോ അവസാനിക്കുന്നതാണ്. എന്നാൽ സ്പെഷ്യൽ ഗവ. പ്ലീഡർമാർക്ക് പ്രത്യേക പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്തതുമാണ്.

7. ശ്രീ. പി. നാരായണൻ സീനിയർ ഗവ. പ്ലീഡർ തസ്തികയുടെ ശമ്പളമായ 1,10,000/- രൂപയാണ് കൈപ്പറ്റുന്നത്. ടിയാനെ upgrade ചെയ്ത് സ്പെഷ്യൽ ഗവ. പ്ലീഡറാക്കിയാൽ ടി തസ്തികയുടെ ശമ്പളം ടിയാന് നൽകേണ്ടി വരുന്നതാണ്. സ്പെഷ്യൽ ഗവ. പ്ലീഡറുടെ പ്രതിമാസ വേതനം 1,20,000/- രൂപയുമായാണെന്നതിനാൽ ഇത്തരത്തിൽ ടിയാനെ സ്പെഷ്യൽ ഗവ. പ്ലീഡറാക്കുന്നതുവഴി 10,000/- രൂപയുടെ പ്രതിമാസ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. അയതിനാൽ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ പരിഗണിച്ച് ശ്രീ.പി.നാരായണനെ സീനിയർ ഗവ. പ്ലീഡർ തസ്തികയിൽ നിന്നും upgrade ചെയ്ത് സ്പെഷ്യൽ ഗവ. പ്ലീഡറാക്കുന്ന വിഷയത്തിൽ ബഹു. നിയമ മന്ത്രിയുടെ ഉത്തരവിന്റെയടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ 10.12.2023 തീയതിയിലെ 2557443: EXP-A4/512/2023-FIN പ്രകാരം ധനകാര്യവകുപ്പ് താഴെപ്പറയുന്ന റിമാർക്സ് നൽകിയിട്ടുള്ളതാണ്.

"AD is informed that the original posts in which Adv. Sri. Narayanan was appointed is Senior Government Pleader and his attachment along with Director General of Prosecution is on administrative side. As far as the Finance department is concerned the existing strength of Special Government Pleader, Senior Government Pleader and Government Pleader in High court cannot be allowed to alter notwithstanding the pleaders are attached with Advocate General, Director General of Prosecution, Additional Advocate General and so on. Hence AD may decide on accommodating Adv. Narayanan within the existing strength of Special Government

Pleader by relegating any of the Special GP to the level of Senior GP or in the upcoming vacancy of SGP.

This has the approval of Hon'ble Minister (Finance)".

8. മേൽ സാഹചര്യത്തിൽ,

എ. ധനകാര്യ വകുപ്പിന്റെ റിമാർക്സിന്റെ അടിസ്ഥാനത്തിൽ നിലവിലെ സ്പെഷ്യൽ ഗവ. പ്ലീഡറുടെ അംഗസംഖ്യയ്ക്ക് മാറ്റം വരുത്താതെ മറ്റൊരു സ്പെഷ്യൽ ഗവ. പ്ലീഡറെ സീനിയർ ഗവ. പ്ലീഡറായി തരം താഴ്ത്തി ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡറായ ശ്രീ.പി.നാരായണന്റെ തസ്തിക സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി നിയമിക്കാവുന്നതാണോ?

അതോ

ബി. ടി ആവശ്യം ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിക്കാവുന്നതാണോ ?

എന്നതിൽ തീരുമാനിക്കുന്നതിനായി ഫയൽ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ

9. ടി വിഷയത്തിൽ ബഹുമാനപ്പെട്ട നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം നിർദേശം നൽകി:-

"അഡ്വക്കേറ്റ് പി. നാരായണനെ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ നിന്നും **upgrade** ചെയ്ത് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറാക്കണമെന്ന് അഡ്വക്കേറ്റ് ജനറലും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും തുടർച്ചയായി ആവശ്യപ്പെടുന്നതാണ്. നിലവിലുള്ള ഒരു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ തസ്തിക സീനിയറാക്കി മാറ്റി അഡ്വക്കേറ്റ് പി. നാരായണനെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറാക്കാമെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായം പ്രായോഗികമല്ല. അതുകൊണ്ട് ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന് അനുസൃതമായി അഡ്വക്കേറ്റ് പി. നാരായണനെ മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയമിക്കാവുന്നതാണ്".

10. മേൽ വിഷയം 02.01.2024 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന് അനുസൃതമായി ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് അഡ്വക്കേറ്റ് പി. നാരായണൻ ഇപ്പോൾ വഹിക്കുന്ന സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തിക സ്പെഷ്യൽ ഗവ. പ്ലീഡറായി ഉയർത്തി ടിയാന്റെ നിയമന കാലാവധി അവസാനിക്കുന്നതുവരെ തുടരാൻ അനുവദിക്കാവുന്നതാണോ ?